പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4167

20.03.18 - ൽ മറുപടിക്ക്.

## കുടുംബശ്രീയുടെ ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തന രീതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ടി. എ. അഹമ്മദ് കബീർ | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കുറഞ്ഞ വിലയിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുന്നതിന് കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തന രീതി വിശദമാക്കാമോ; | (എ) | കുടുംബശ്രീ ജൻ ഔഷധി സ്റ്റോറുകളുടെ നടത്തിപ്പിനായി കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിൽ നിന്നുള്ള രണ്ടുപേരെയാണ് കണ്ടെത്തുന്നത്. ഫാർമസി യോഗ്യതയുള്ള ഒരു വ്യക്തിയെയും കമ്പ്യൂട്ടർ പരിജ്ഞാനമുള്ള മറ്റൊരു വ്യക്തിയെയുമാണ് ടി സ്റ്റോറിന്റെ പ്രവർത്തനത്തിനായി തെരഞ്ഞെടുക്കുന്നത്. ഇവർക്കുള്ള പ്രതിഫലം മരുന്നുകളുടെ വിപണനത്തിനുള്ള 20% മാർജിനിൽ നിന്നുമായിരിക്കും കണ്ടെത്തുന്നത്. ജൻ ഔഷധി സ്റ്റോറുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയായിരിക്കും. |
| (ബി) ഇത്തരത്തിൽ കുടുംബശ്രീ അംഗങ്ങൾ നടത്തുന്ന മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനങ്ങളിൽ കുടുംബശ്രീ മിഷന്റെ പങ്ക് വ്യക്തമാക്കാമോ? | (ബി) | കുടുംബശ്രീ ജില്ലാ മിഷനാണ് ജൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ജൻ ഔഷധി സ്റ്റോറുകൾ തുടങ്ങുവാൻ താല്പര്യം പ്രകടിപ്പിക്കുന്ന പഞ്ചായത്തുകളിൽ നിന്ന് അപേക്ഷ ലഭിക്കുന്ന പക്ഷം ജില്ലാ മിഷൻ ടി സ്റ്റോറുകൾക്കായുള്ള ഫാർമസിസ്റ്റിനേയും കമ്പ്യൂട്ടർ ഓപ്പറേറ്ററേയും കണ്ടെത്തുകയും ആയതിനുള്ള അപേക്ഷാഫോം BPPI (ബ്യൂറോ ഓഫ് ഫാർമാ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് ഓഫ് ഇന്ത്യ) യ്ക്ക് അയയ്ക്കുകയും ചെയ്യും. തുടർന്ന് ടി സ്റ്റോറുകൾക്ക് ആവശ്യമായ കച്ചവട ലൈസൻസ്, ഡ്രഗ്ഗ് ലൈസൻസുകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ജില്ലാ മിഷൻ ലഭ്യമാക്കുന്നതാണ്. കൂടാതെ ടി സ്റ്റോറുകളുടെ മേൽനോട്ടം വഹിക്കുന്നതിനായി രൂപീകരിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റിയിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ അംഗമായിരിക്കുന്നതും മൂന്നു മാസത്തിലൊരിക്കൽ പ്രവർത്തനം വിലയിരുത്തുന്നതുമാണ്. കുടുംബശ്രീ ജൻ ഔഷധി സ്റ്റോറുകളുടെ വളർച്ചയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങളും പിന്തുണാ സേവനങ്ങളും കുടുംബശ്രീ ജില്ലാ മിഷൻ മുഖേന ലഭ്യമാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ